**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 613** **09-06-2021 - ൽ മറുപടിയ്ക്ക്**

**കടലുണ്ടിപ്പുഴക്ക് കുറുകെ തടയണ നിർമ്മിയ്ക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിനു സമീപം കടലുണ്ടിപ്പുഴക്ക് കുറുകെ തടയണ നിർമ്മിയ്ക്കുന്നതിന് ആരംഭിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | മങ്കട നിയോജക മണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിനു സമീപം കടലുണ്ടി പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്ന പ്രവൃത്തി 72% പൂർത്തീകരിച്ചിട്ടുണ്ട്. വേനൽ മഴയും, ശേഷം ടൗട്ടെ ചുഴലിക്കാറ്റ് മൂലം മഴ ശക്തമാവുകയും പുഴയിൽ ജലനിരപ്പുയരുകയും ചെയ്തതിനാൽ ഇപ്പോൾ തീരത്തുള്ള പണികൾ മാത്രം നടക്കുന്നുണ്ട്. |
| (ബി) | നിലവിൽ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നത്തേയ്ക്ക്പൂർത്തീകരിയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ; | (ബി) | 72% പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി 2022 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായിപൂർത്തീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | പ്രവൃത്തി 2021 മെയ് 20-ന് പൂർത്തീകരിക്കുന്നതിന് വേണ്ടി പ്രോഗ്രാം ചാർട്ട് തയ്യാറാക്കി അതു പ്രകാരം ആണ് മുന്നോട്ട് പോയിരുന്നത്. അപ്രതീക്ഷിതമായ വേനൽമഴയും ചുഴലിക്കാറ്റും കാരണം ഈ സീസണിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. 2022 മാർച്ച് മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ